LIBRARY ARCHIVES Kerala Legislative Assembly

ഇടപ്പള്ളി റെയിൽവേ ഓവർബ്രിഡ്ജ് മുതൽ വരാപ്പുഴ പാലംവരെയുള്ള റോഡിന്റെ നിർമ്മാണ പ്രവർത്തനം

36 [1446] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 17-ൽ ഇടപ്പള്ളി റെയിൽവേ ഓവർബ്രിഡ്ജ് മുതൽ വരാപ്പുഴ പാലം വരെയുള്ള റോഡിന്റെ നിർമ്മാണം സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) റോഡുനിർമ്മാണം അടിയന്തിരമായി ആരംഭിക്കുവാൻ സർക്കാർ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ—ഡി) ഈ റോഡിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് MORTH-ന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. MORTH-ൽ നിന്നും അംഗീകാരം നേടി എത്രയുംവേഗം റോഡിന്റെ പണികൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഈ റോഡിലുള്ള മേൽപ്പാലത്തിന്റെ പണികൾ റെയിൽവേ നേരിട്ടാണ് നടത്തുന്നത്. മേൽപാലത്തിന്റെ പണികൾ റെയിൽവേ ആരംഭിച്ചിട്ടുണ്ട്. ഈ റോഡിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ 98 ശതമാനം പൂർത്തിയായിട്ടുണ്ട്.

എക്സ്പ്രസ്സ് ഹൈവേ വിശദമായ പഠനത്തിന് വിധേയമാക്കാൻ നടപടി

37 [1447] ശ്രീ. ബിനോയ് വിശ്വം:

,, പി. നാരായണൻ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സംസ്ഥാന സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന എക്സ്പ്രസ്സ് ഹൈവേയ്ക്കുവേണ്ടി എന്തുതുക ചെലവാകുമെന്നും ഇത് എത്രകാലംകൊണ്ട് പൂർത്തിയാകുമെന്നും അറിയിക്കുമോ;

(ബി) ഈ ആവശ്യത്തിനായി എത്ര ഹെക്ടർ കൃഷിഭൂമിയും എത്ര ഹെക്ടർ നഗരഭൂമിയും പൊന്നുംവിലയ്ക്ക് ഏറ്റെടുക്കേണ്ടിവരുമെന്നും, ഈ ഇനത്തിൽ എന്തുതുക നഷ്ടപരിഹാരമായി നൽകേണ്ടിവരുമെന്നും വെളിപ്പെടുത്താമോ;

(സി) മഹാരാഷ്ട്ര സംസ്ഥാനത്ത് നടപ്പിലാക്കിയ 'ബോംബെ-പൂന എക്സ്പ്രസ്സ് ഹൈവേ' വഴിച്ച നഷ്ടമാണ് നേരിടുന്നതെന്നും പ്രതീക്ഷിച്ച ടോൾ വരുമാനത്തിന്റെ നേരിയ ശതമാനംപോലും ലഭിക്കുന്നില്ലെന്നുമുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദമായ അന്വേഷണ പഠനം നടത്തിയശേഷം മാത്രം കേരളത്തിലെ എക്സ്പ്രസ്സ് ഹൈവേ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കു എന്ന് സർക്കാർ തീരുമാനിക്കുമോ;

(ഡി) കേരളത്തിലെ പ്രധാനപ്പെട്ട റെയിൽവേ ലൈനുകൾ മുഴുവൻ ഇരട്ടപാതകളാക്കുകയും, തീവണ്ടികളുടെ എണ്ണവും വേഗതയും വർദ്ധിപ്പിക്കുകയും യാത്ര അപകടരഹിതമാക്കുകയും ചെയ്യുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി പ്രാവർത്തികമാക്കുന്നപക്ഷം കേരളത്തിൽ എക്സ്പ്രസ്സ് ഹൈവേ സ്ഥാപിക്കുന്നത് ഒഴിവാക്കാൻ കഴിയുമോ എന്നറിയിക്കാമോ;

(ഇ) എക്സ്പ്രസ്സ് ഹൈവേ സ്ഥാപിക്കുന്നതിനെപ്പറ്റി പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ അത്തരമൊരു പഠനം നടത്താൻ നടപടി സ്വീകരിക്കുന്ന കാര്യവും പരിഗണിക്കുമോ?

ഉത്തരം

(എ) പ്രാഥമിക പഠനങ്ങൾ അനുസരിച്ച് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് ഉദ്ദേശം 6,473 കോടി രൂപയാണ്. ഹൈവേയുടെ പണി 15 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതിക്കായി ഉദ്ദേശം 3897 ഹെക്ടർ കൃഷിഭൂമിയും 433 ഹെക്ടർ വികസിത ഭൂമിയും ഏറ്റെടുക്കേണ്ടിവരുമെന്നാണ് പ്രാഥമിക പഠന റിപ്പോർട്ട്. ഈ ഇനത്തിൽ പ്രതീക്ഷിക്കുന്ന ചെലവ് 2000 കോടി രൂപയാണ്.

(സി) ഈ പദ്ധതിക്കുവേണ്ടി വിശദമായ രൂപരേഖ ഉണ്ടാക്കാനുള്ള കരാർ പ്രകാരം 'ബോംബെ-പൂന എക്സ്പ്രസ്സ് ഹൈവേ' രീതിയിലുള്ള മറ്റു പദ്ധതികളുമായുള്ള താരതമ്യ പഠനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യവും മേൽപ്പറഞ്ഞ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) വിശദമായ പരിസ്ഥിതി പഠനവും നടത്തുന്നുണ്ട്.

ഹിൽ ഹൈവേയുടെ പ്രവർത്തികൾ ആരംഭിക്കാൻ നടപടി

38 [1448] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേയുടെ പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഹൈവേയുടെ നൂട്ട് അന്തിമമായി അംഗീകരിച്ചോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഒന്നാംഘട്ടമെങ്കിലും ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly